(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും പത്തു ശതമാനം വനിതാ വികസന പരിപാടികൾക്കു നീക്കിവയ്ക്കണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

തലസ്ഥാന വികസന പദ്ധതി

10 [10] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസന പദ്ധതി ആരംഭിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണ്;

(ബി) ഈ പദ്ധതിപ്രകാരം അനുമതി നൽകിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(സി) ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) തലസ്ഥാന മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ മലിനജല നിർഗ്ഗമന സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിനായി മരവിപ്പിച്ചിട്ടിരിക്കുന്ന ഭൂമി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-2002 സാമ്പത്തിക വർഷത്തിൽ.

(ബി ആന്റ് സി) ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു. †

(ഡി) തീരപഥം പദ്ധതിയുടെ ഭാഗമായി പാർവതിപുത്തനാർ കനാലും ആക്കുളം കായലും ശുചിയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മലിനജല നിർമ്മാർജ്ജനത്തിന്വേണ്ടി ദിവസവും 12 മില്യൻ ലിറ്റർ ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആക്കുളത്തും ദിവസവും 117 മില്യൻ ലിറ്റർ ശേഷിയുള്ള ഒരെണ്ണം വലിയതുറയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ആക്കുളത്ത് സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തിരുവനന്തപുരത്തിന്റെ വടക്കൻ പഞ്ചായത്തുകളുടെയും വലിയതുറ സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തിരുവനന്തപുരത്തിന്റെ തെക്കൻ പഞ്ചായത്തുകളുടെയും സിറ്റിയുടേയും മലിനജല പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയുള്ളതാണ്.

(ഇ) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം III കാണുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[31-1-2005-ലെ 10 (10)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ

1. *ശുദ്ധജല (ഹ്രസ്വകാല) പദ്ധതി:*

പദ്ധതി നടപ്പാക്കൽ പുരോഗമിച്ചുവരുന്നു. ഇപ്പോൾ ഏകദേശം 75% പണികൾ പൂർത്തിയായി കഴിഞ്ഞു. രണ്ടാമത്തെ ഗഡുവായ രൂപ 1,35,23,248 ആദ്യത്തെ മുൻകൂർ തുകയായ രൂപ 1,52,000,00-നു പുറമെ കൊടുത്തു കഴിഞ്ഞു. മൊത്തം 13 കോടി രൂപ ചെലവുള്ള ഈ 14 ഉപപദ്ധതികളിൽ 3 എണ്ണം ഇനിയും പൂർത്തിയാക്കാനുണ്ട്.

2. *വിഴിഞ്ഞം തുറമുഖ പദ്ധതി:*

വിഴിഞ്ഞം തുറമുഖം കപ്പൽ മാറ്റുന്നതിനുള്ള രാഷ്ട്രാന്തര തുറമുഖ മാക്കി മാറ്റുകയാണ് പദ്ധതി ലക്ഷ്യം. ഇതിലേയ്ക്കായി രൂപ 500 ലക്ഷ ത്തിന്റെ അംഗീകൃത മൂലധനവും അതിൽ 50 ലക്ഷത്തിന്റെ ആദ്യ ഗഡു നൽകാനുമാണ് തീരുമാനം. ഇതിലേയ്ക്കായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന ഒരു കമ്പനി 1956-ലെ കമ്പനി ചട്ടങ്ങൾക്ക് വിധേയമായി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

3. *തീരപഥം പദ്ധതി:—പാർവ്വതീ പുത്തനാർ:*

രണ്ടാം ഘട്ട പഠനത്തിന്റെ അവസാന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

4. *വേളി ആക്കുളം കായലിന്റെയും പാർവ്വതീപുത്തനാറിന്റെയും പരിസ്ഥിതി മെച്ചപ്പെടുത്താൻ:*

പദ്ധതി രൂപീകരിക്കുകയും ഉപപദ്ധതികൾ ക്രോഡീകരിക്കുകയും അതിന്റെ ക്രമം നിശ്ചയിക്കുകയും ചെയ്തുകഴിഞ്ഞു. ഒന്നാംഘട്ട പദ്ധതിയിൽ വലിയതുറയിലും ഉള്ളൂർ തോടിന്റെ പാർശ്വത്തിലും ഓരോ മലിനജല നിർമാർജ്ജന ശാലകൾ ഉൾപ്പെടുന്നു. കായലും കനാലും ശുദ്ധീകരിച്ച് വേണ്ട താഴ്ചയിൽ ചെളി നീക്കം ചെയ്യുന്നതിന് രൂപ 25 കോടിയുടെ പദ്ധതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

5. *വേളിയിൽ നാടൻ മാതൃകയിലുള്ള അവധിക്കാല ഗ്രാമം:*

പ്രാഥമിക പഠനങ്ങൾ പൂർത്തിയായി. തുടർ നടപടി സ്വീകരിച്ചുവരുന്നു.

6. *ഇടയാർ ദ്വീപ് വിനോദ സഞ്ചാര പദ്ധതി:*

പദ്ധതി നടത്തിപ്പിനെ പറ്റിയുള്ള പഠന റിപ്പോർട്ട ലഭിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

7. *ഖര മാലിന്യ നിർമ്മാർജ്ജനം:*

തിരുവനന്തപുരം നഗരസഭാപരിധിക്കുള്ളിലെ പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. *ആധുനിക വഴിവിളക്കുകൾ:*

കഴക്കൂട്ടം-ചാക്ക, ഉള്ളൂർ-കേശവദാസപുരം-പ്ലാമൂട്, അട്ടക്കുളങ്ങര-കിള്ളിപ്പാലം-കരമന, വെള്ളയമ്പലം-തൈയ്ക്കാട് എന്നീ നാലു റോഡുകളിൽ 23.5 കി. മീറ്റർ ദൈർഘ്യത്തിൽ ആധുനിക വഴിവിളക്കുകൾ സ്ഥാപിക്കുവാൻ നടപടി പൂർത്തിയായിവരുന്നു.

9. *ബസ്സ് ടെർമിനൽ:*

ഹഡ്കോയുടെ സഹായത്താൽ ദീർഘദൂരം ബസ്സുകൾക്കുമാത്രമായി ഈഞ്ചക്കലിൽ പുതുതായി ഒരു ബസ്സ് ടെർമിനൽ സ്ഥാപിക്കാനും, മറ്റു സിറ്റി സർവ്വീസുകൾക്കായി നിലവിലുള്ള തമ്പാനൂർ ബസ്സ് സ്റ്റേഷൻ പുതുക്കി പണിയാനുമായി ഒരു പ്രത്യേക ഉദ്ദിഷ്ട കമ്പനി രൂപീകരിക്കാൻ ആലോചിച്ചുവരുന്നു.

10. *ടാഗോർ തീയറ്റർ പുനരുദ്ധാരണം:*

പദ്ധതി നടത്തിപ്പു കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനക്കുശേഷം 12 കോടി രൂപാ ചെലവുള്ള ഈ പദ്ധതി ദുബായ് ആസ്ഥാനമായുള്ള കോൺടൂർ ബിൽഡേഴ്സിനെ ഏൽപ്പിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

11. *വാക്ക് ഇൻ ഏവിയറി*—(പക്ഷി സങ്കേതത്തിനുള്ളിലെ പാത—തിരുവനന്തപുരം):

സാങ്കേതിക ടെൻഡർ രേഖകൾ പരിശോധിച്ചുവരുന്നു.

12. *ആൽത്തറ റോഡും, ശംഖുമുഖം കൊട്ടാരവും:*

സാങ്കേതിക രേഖകൾ പരിശോധിച്ച് വരുന്നു.

13. *ടിപ്പർ ലോറികൾ വാങ്ങാൻ:*

തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി പത്ത് ലോറികൾ നൽകാനുള്ളതിൽ നാലെണ്ണം നഗരസഭയ്ക്ക് കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ളവ ഉടനെ നൽകുന്നതാണ്.

13. *ചവർ കൂന സ്ഥലം:*

തിരുവനന്തപുരം നഗരത്തിലെ അജൈവ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വിളപ്പിൽശാലയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ജോലിക്കായി കരാറുകാരനെ തെരഞ്ഞെടുക്കുന്ന ജോലി പൂർത്തിയായിവരുന്നു.

15. *തലസ്ഥാനത്തിന്റെ 2033-ലേക്കുള്ള വീക്ഷണം:*

അവസാന റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞു. ഏർണസ്റ്റ് ആൻഡ് യംഗ് എന്ന സ്ഥാപനം ഒരു അവതരണം 3-12-2004-ൽ നടത്തിയിരുന്നു. തുടർനടപടി സ്വീകരിച്ചുവരുന്നു.

16. *അന്തർദേശീയ കൺവെൻഷൻ സെന്റർ പദ്ധതി:*

ടെൻഡർ ക്ഷണിച്ചിരിക്കുന്നു.

17. *പാങ്ങോടിലെ ആധുനിക മീൻ ചന്ത:*

പദ്ധതി തയ്യാറാക്കൽ ആരംഭിച്ചു.

18. *കരമന-കിള്ളിപ്പാലം നദിയിലേയും, ഉള്ളൂർ തോടിലേയും വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി:*

രൂപ 245 ലക്ഷത്തിന്റെ പദ്ധതിയുടെ ഭരണാനുമതി ലഭിച്ചു.

19. *തമ്പാനൂരിലെയും, പഴവങ്ങാടിയിലേയും വെള്ളപ്പൊക്ക നിവാരണ പദ്ധതി:*

ഇതിലേക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 22.58 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

20. *കോവളം പുനർവികസന പദ്ധതി:*

ശുദ്ധജല വിതരണം, ഗതാഗതം, മലിനജല നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി പ്രോജക്ട് തയ്യാറാക്കാൻ വിൽബർ സ്മിത്ത് എന്ന സ്ഥാപനം പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly